## പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5381</u> <u>04/07/2013 ൽ മറുപടിക്ക്</u>

### കാരുണ്യ ഫാർമസികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ഏതെല്ലാം ജില്ലകളിലെ എത്ര സർക്കാർ ആശുപത്രികളിൽ കാരുണ്യ ഫാർമസി ആരംഭിച്ചിട്ടുണ്ട് ; | (എ) | നിലവിൽ സംസ്ഥാനത്തെ താഴെപറയുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.<br>1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>3. മെഡിക്കൽ കോളേജ്, കോട്ടയം<br>4. മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>5. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>6. സി.എച്ച്.സി. കല്ലറ, തിരുവനന്തപുരം<br>7. ജില്ലാ ആശുപത്രി, കണ്ണൂർ<br>8. താലൂക്ക് ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ |
| (ബി) | എല്ലാ ആശുപത്രികളിലും കാരുണ്യ ഫാർമസി തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | പ്രാരംഭഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ മെഡിക്കൽ കോളേജുകൾ, ജില്ലാ, ജനറൽ ആശുപത്രികൾ തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികൾ ഉൾപ്പെടെ 35 സർക്കാർ ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുവരെ 8 ആശുപത്രികളിൽ പ്രസ്തുത ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ കാരുണ്യ ഫാർമസി സ്ഥാപിക്കാനുള്ള സ്ഥലം കണ്ടെത്തുക, കെട്ടിട നിർമ്മാണം / നവീകരണം തുടങ്ങിയവയ്ക്കുള്ള ടെൻഡർ നടപടികൾ, റാക്കിംഗ്, തുടങ്ങിയവയ്ക്കുള്ള കാലതാമസം കാരണമാണ് പ്രസ്തുത ഫാർമസികൾ തുടങ്ങുവാൻ വൈകുന്നത്. |

സെക്ഷൻ ഓഫീസർ